ഇങ്ങനെ frivolous ആയിട്ടുള്ള ഒരു അവിശ്വാസപ്രമേയം കൊണ്ട് നീക്കം ചെയ്യാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ, അതിനൊന്നും ജനപിന്തുണ കിട്ടില്ല. മുഖ്യമന്ത്രി മൂന്നു ദിവസം അനുവദിച്ചു. ഈ മൂന്നു ദിവസം വളരെ ക്ഷമയോടുകൂടി ഞങ്ങൾ ഇരുന്നു. ഇനിയെങ്കിലും എല്ലാപേർക്കും ഒരു ധാരണ വേണം. consensus വേണം. ഭാവിയിൽ എങ്ങനെ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവരാം. ഇനിയിപ്പോൾ വേണ്ടല്ലോ, നമുക്കിനി ഒന്നും വേണ്ട, ഇനി നിങ്ങളും കൊണ്ടുവരില്ല. എനിക്ക് ധൈര്യമാണ്. ആറു മാസം കഴിഞ്ഞാൽ കൊണ്ടുവരാൻ ഒക്കില്ലല്ലോ. അതുകൊണ്ട് ഇതൊരു ആവശ്യമില്ലാത്ത അവിശ്വാസ പ്രമേയമാണ്, സഭയുടെ മൂന്നു ദിവസത്തെ വിലപ്പെട്ട സമയം പാഴാക്കിയ ഒരു അവിശ്വാസ പ്രമേയമാണ്. ഇതുപോലെ കെട്ടുകഥകൾ മാത്രം കെട്ടിച്ചമയ്ക്കുന്നതിനുവേണ്ടി മനഃപൂർവ്വം കൊണ്ടുവന്ന ഒരു അവിശ്വാസപ്രമേയം, ജനങ്ങൾ പുച്ഛിച്ചുതള്ളുന്ന ഒരു അവിശ്വാസ പ്രമേയം, ക്രെഡിബിലിറ്റി നശിപ്പിച്ച ഒരു അവിശ്വാസപ്രമേയം, ഈ ചർച്ച വാസ്തവം പറഞ്ഞാൽ നിരാശാജനകമാണ്. അതുകൊണ്ട് വളരെ ക്ഷീണായ ഒരു ഗവൺമെൻറ്, ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ഈ ഗവൺമെൻറിന് വിശ്വാസം നൽകുന്നുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

VII. അറിയിപ്പ്

മേശപ്പുറത്തുവച്ച രേഖയെ സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ ഇവിടെ ഒരു രേഖ കൊണ്ടുവന്ന് മേശപ്പുറത്ത് വെച്ചുവെന്ന് പറഞ്ഞു. അംഗങ്ങൾ കേൾക്കാൻവേണ്ടി പറയുകയാണ്. അത് പ്രത്യേക രേഖയൊന്നുമല്ല. 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310-ന് മന്ത്രി കൊടുത്ത മറുപടിയാണ് ഇവിടെ തന്നത്.....(ബഹളം)..... Yes,.....(ബഹളം)..... Yes,.....എന്താണ്, Please.. അങ്ങ് ഇരിക്കൂ, എന്താണ് കാണിക്കുന്നത്, Please, Please.....പറയുന്നത് കേൾക്കൂ,.....(ബഹളം).....എനിക്ക് പറയാനുള്ളത് കേൾക്കണ്ടേ? എനിക്ക് പറയാനുള്ളത് കേൾക്കണ്ടേ, എനിക്ക് പറയാനുള്ളത് കേൾക്കണ്ടേ? No.....No.....അതായത് ഞാൻ പറഞ്ഞത്, Yes, Yes.....(ബഹളം).....എനിക്ക് പറയാനുള്ളത് പറയാൻ അനുവദിക്കുക.....(ബഹളം).....Please.....

(സ്പീക്കറുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നടുത്തളത്തിൽ ഇറങ്ങുകയും ശ്രീ. എം. വി. ജയരാജൻ രേഖയും ഉയർത്തിപ്പിടിച്ച് നടുത്തളത്തിൽ കുത്തിയിരിക്കുകയും ചെയ്തു.)

എനിക്ക് പറയാനുള്ളത് കേൾക്കണം. പ്ലീസ് എനിക്ക് പറയാനുള്ളത് കേൾക്കണം. ഞാൻ പറഞ്ഞത് 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310-ന് നൽകിയ മറുപടിയാണ് ഇവിടെ കൊണ്ടുവന്നത്. അതൊരു പബ്ലിക് ഡോക്യുമെൻറായതുകൊണ്ട് പ്രത്യേകിച്ച് അത് മേശപ്പുറത്ത് വയ്ക്കേണ്ട ഒരു കാര്യവുമില്ല. It is a public document,....Open document. എനിക്ക് undo ചെയ്യാൻ പറ്റില്ല. അതിനുള്ള മറുപടിയൊക്കെ ഉണ്ട്.....(ബഹളം)..... അത് പബ്ലിക് ഡോക്യുമെൻറായതുകൊണ്ട് പ്രത്യേകിച്ച് മേശപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കേണ്ട യാതൊരു കാര്യവുമില്ല. അതൊരു പബ്ലിക് ഡോക്യുമെൻറാണ്.....(ബഹളം).....ഞാൻ പറയുന്നത് കേൾക്കൂ. ഞാൻ പറഞ്ഞത് ആരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ ഞാൻ ക്ലാരിഫൈ ചെയ്യാം. ചോദ്യോത്തരത്തിന്റെ മറുപടിയും പബ്ലിക് ഡോക്യുമെന്റുമായതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് ടേബിളിൽ വയ്ക്കേണ്ട കാര്യമില്ല. It is a public document.....(ബഹളം).....ഞാൻ അത് ക്ലാരിഫൈ ചെയ്തല്ലോ, അതായത് പബ്ലിക് ഡോക്യുമെൻറാണ്. അത് മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ല. ആർക്കും എപ്പോഴും കാണാവുന്ന കാര്യം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഒരു നിയന്ത്രണവുമില്ലാത്ത പ്രതിപക്ഷം, ചോദിക്കാനും പറയാനുമില്ലാത്ത പ്രതിപക്ഷം.....(ബഹളം).....

മി. സ്പീക്കർ: ഞാൻ വളരെ വ്യക്തമായി പറഞ്ഞു. ഒരു തെറ്റിദ്ധാരണയുടെയും കാര്യമില്ല. പബ്ലിക് ഡോക്യുമെൻസ് മേശപ്പുറത്ത് വയ്ക്കാതെതന്നെ അത് ഇവിടുത്തെ ഒരു രേഖയാണ്. അത് ഇവിടെ പ്രത്യേകിച്ച് മേശപ്പുറത്ത് വയ്ക്കേണ്ട ഒരു കാര്യവുമില്ല. എല്ലാപേർക്കും കൊടുക്കാവുന്ന കാര്യമല്ലേ? ഞാൻ ക്ലാരിഫൈ ചെയ്തില്ലേ....(ബഹളം)....

(പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേറ്റതിനെത്തുടർന്ന് ശ്രീ. എം. വി. ജയരാജൻ നടുത്തളത്തിൽനിന്നെഴുന്നേറ്റ് സ്വന്തം സീറ്റിലേക്ക് പോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ ഇതു സംബന്ധിച്ച് ശരിയായ വസ്തുതകൾ മനസ്സിലാക്കിയായിരുന്നില്ല പറഞ്ഞത്. എന്ന് മാത്രമല്ല, ഇത് ഉന്നയിച്ച മെമ്പറെ ഏതാണ്ട് അവഹേളിക്കുകയും അപമാനിക്കുകയും ചെയ്തതുപോലെയായി പോയി. അത് വളരെ ഖേദകരമായിപ്പോയി. അങ്ങ് ഇത് സംബന്ധിച്ച് കുറച്ചുകൂടി സീരിയസ്സായിട്ട് ഒന്നുകൂടി മനസ്സിലാക്കിയിട്ട് ഇത് കൈകാര്യം ചെയ്യേണ്ടതായിരുന്നു. അങ്ങനെയുള്ള ഒരു തീരുമാനം എടുക്കണം ഇക്കാര്യത്തിൽ. ഉദ്യോഗസ്ഥൻമാർ തന്നതോ അങ്ങേക്ക് മനസ്സിലാക്കാൻ കഴിയാതെ വന്നതോ ആയിട്ടുള്ള കാര്യംകൊണ്ട് പെട്ടെന്ന് ഓടിച്ചുള്ള റഫറൻസിൽ ഇത് ഉന്നയിച്ച മെമ്പറെ അവഹേളിക്കുന്നതുപോലെയുള്ള സ്ഥിതിയാണ് സംഭവിച്ചത്. അതാണ് യാഥാർത്ഥ്യം. അതുകൊണ്ട് തെറ്റിദ്ധാരണ ഒഴിവാക്കാൻ തക്കവിധത്തിൽ കൈകാര്യം ചെയ്യണം, ക്ലാരിഫൈ ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഞാൻ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട മെമ്പറെ ചെറുതാക്കി കാണിക്കുന്ന തരത്തിൽ തോന്നിയെങ്കിൽ I am sorry about it. ഞാൻ അത് ഉദ്ദേശിച്ചിട്ടില്ല. പത്രങ്ങളിൽ വരികയും എല്ലാ രേഖകളും available ആയിട്ടുള്ള ഒരു സാധനം പുതിയ രേഖയായി ഇവിടെ കൊണ്ടുവരികയും ചെയ്യുമ്പോൾ മേശപ്പുറത്തു വയ്ക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറഞ്ഞത്.

അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയോട് ചോദിച്ച് ചോദ്യത്തിൽ മന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നരക്കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയ പത്ര

LIBRARY ARCHIVES Kerala Legislative Assembly